SJD/2904/2023-D3

)6037/2023

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :19-07-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം.

ശ്രീ രാമചന്ദ്രൻ നായർ എൻ
വാറുവിളാകം വീട്
വേപ്പിൻമൂട്
പൂതക്കുളം പി ഒ
പരവൂർ, കൊല്ലം- 691302

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - RTI പ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് താങ്കൾ സമർപ്പിച്ച അപേക്ഷയിന്മേലുള്ള മറുപടി താഴെ ചേർക്കുന്നു.

1.ചോദ്യം വ്യക്തമല്ല.

2. a) എയ്ഡഡ് സ്കൂളുകൾ സർക്കാർ എസ്റ്റാബ്ലിഷ്മെന്റിന്റെ പരിധിയിൽ വരുന്നതിനാൽ ഉത്തരവ് ബാധകമാണ്.

b) ആനുകൂല്യം ലഭ്യമാണ്.

c) ഭിന്നശേഷിത്വമുള്ള കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്ക് പുറമെ ഒരു മാസം ആകെയുള്ള ജോലി സമയത്തിൽ പരമാവധി 16 മണിക്കൂർ ഇളവ് അനുവദിക്കുന്നതായി 11/05/2023 ലെ സ ഉ(കൈ) നം. 2/2023/ SJD നം ഉത്തരവിൽ തന്നെ പരാമർശച്ചിട്ടുണ്ട്.

d ) ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട മെഡിക്കൽ ബോർഡ് ആണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. ഓരോ ഭിന്നശേഷി മേഖലയിലും വിദഗ്ദരായ ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുള്ളത് ആരോഗ്യ വകുപ്പ് ആണ്. ആയതിനാൽ ഡോക്ടറുടെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ഈ കാര്യാലയത്തിൽ ലഭ്യമല്ല.

e) നിലവിലുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള കാലാവധിയുടെ അടസ്ഥാനത്തിലാണ് ഭിന്നശേഷി റിവ്യൂ നടത്തുന്നത്.

SJD/2904/2023-D3

)6037/2023

മുകളിൽ കാണിച്ച മറുപടിയിൽ താങ്കൾ തൃപ്തനല്ലാത്ത പക്ഷം താങ്കൾക്ക് ഈ കാര്യാലയത്തിലെ അപ്പീൽ അധികാരി മുമ്പാകെ 30 ദിവസത്തിനകം താഴെ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ നൽകാവുന്നതാണ്.

ശ്രീ സുഭാഷ് കുമാർ കെ വി
ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി (വിവരാവകാശം)
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ- അഞ്ചാം നില
തിരുവനന്തപുരം - 33

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം.

Signed by Jose Francis
Date: 19-07-2023 11:03:56
Reason: Approved